# തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) നടപടിക്രമം

---

വിഷയം:- ആവഡ - ജീവനക്കാര്യം - നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിൽ നിന്നും സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചു/ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1. ഉത്തരവ് നമ്പർ ഇ എസ് 3-6621/22/ആവഡ തീയതി 27/6/2023
2. ഉത്തരവ് നം :ഇ ഇ 5 -17587/2024/ആവഡ തീയതി: 8/11/2024
3 . കത്ത് നമ്പർ DMOH/MLPM/439/23-A5 തീയതി 12/11/24
4. കത്ത് നമ്പർ DMOH/PTA/4805/2024-A5 തീയതി 12/11/2024
5. കത്ത് നമ്പർ DMOH/EKM/5067/2024-A6 തീയതി 1 1/11/24
6. കത്ത് നമ്പർ DMOH/KTM/1707/2024-A5തീയതി 11/11/24

**ഉത്തരവ് നം :-ആവഡ/17587/2024/ ഇ ഇ 5 തീയതി: 14-11-2024**

---

നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിൽ നിന്നും സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലേക്ക് പരാമർശം 1 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 445 വരെയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിട്ടുള്ളതാണ് . മലപ്പുറം പൊന്നാനി W&C ആശുപത്രിയിൽ സീനിയർ നഴ്സിംഗ് ഓഫീസറുടെ ഒരു ഒഴിവു കൂടി ഉണ്ടെന്നു പരാമർശം 3 പ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട് .

ആയതിനാൽ പരാമർശം 1 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 446 ആയ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ജീവനക്കാരിയെ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലേക്ക് താഴെ പറയുന്ന പ്രകാരം 45600-95600 ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു .

| Sl No | Rank No | PEN | Name & Present | Promoted & | Remarks |
|---|---|---|---|---|---|

| | | | Station | Posted to | |
|---|---|---|---|---|---|
| 1 | 446 | 270120 | Smt Shamila K M FHC Mundakayam Kottayam | W&C Ponnani Malappuram | |

ഉപതെരഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലെ സീനിയർ ആയ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കുവാൻ നിലവിൽ സാധിക്കുകയില്ല . നഴ്സിംഗ് ഓഫീസർ തസ്തികയിലെ പി എസ് സി റാങ്ക് ലിസ്റ്റ് നവംബർ മാസം മുതൽ അവസാനിക്കുകയാണ് . ആയതിനാൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലെ സീനിയർ ആയ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കാതെ മേൽ പരാമർശിച്ച ജീവനക്കാരിക്ക് സ്ഥാനക്കയറ്റം നൽകി നിലവിൽ ഒഴിവുള്ള സ്ഥാപനത്തിൽ നിയമിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ സ്ഥാനക്കയറ്റപട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരിയുടെ സ്ഥാപനത്തിലേക്കുള്ള നിയമനം താത്കാലികമായിരിക്കും. ഉപ തെരെഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം അവസാനിക്കുമ്പോൾ, സീനിയർ ആയ സീനിയർ നഴ്സിംഗ് ഓഫീസർ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷ പരിഗണിച്ചു സ്ഥലം മാറ്റം അനുവദിക്കുമ്പോൾ, ആവശ്യമെങ്കിൽ, ടി സ്ഥാനക്കയറ്റപട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരിക്ക് അനുവദിച്ച സ്ഥാപനം പുനഃക്രമീകരിക്കുന്നതാണ്. ആയതിനാൽ ടി പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരിക്ക് നിലവിൽ അനുവദിച്ചിട്ടുള്ള സ്ഥാപനത്തിൽ തുടരണമെന്ന അവകാശ വാദം ഉന്നയിക്കാൻ കഴിയുന്നതല്ല .

പരാമർശം 2 പ്രകാരമുള്ള സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെട്ട താഴെ പറയുന്ന ജീവനക്കാർ പൊതു സ്ഥലം മാറ്റ ഉത്തരവിൽ ഉൾപ്പെട്ടു മറ്റു ജില്ലകളിലേക്ക് സ്ഥലം മാറിയിട്ടുണ്ടെന്നും ആയതിനാൽ അവരുടെ നിലവിലെ സ്ഥാപനങ്ങളിൽ മാറ്റം ഉണ്ടെന്നും ജില്ലാ മെഡിക്കൽ ഓഫീസർമാർ പരാമർശം 4,5 പ്രകാരം അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് ടി ജീവനക്കാരുടെ നിലവിലെ സ്ഥാപനം തിരുത്തി ഉത്തരവാകുന്നു

| Sl No | Name | Present station noted in Reference 2 order | Present Station revised as |
|---|---|---|---|
| 1 | Smt Sasikala T K (Noted as Sl.No.46 in Reference 2 order) | DH Thodupuzha Idukki | GH Ernakulam |
| 2 | Smt Asha P Ravindran (Noted as Sl.No.50 in Reference 2 order) | DH Thodupuzha Idukki | GH Ernakulam |
| 3 | Smt Gigimol K R (Noted as Sl.No.54 in Reference 2 | PHC Vellathooval Idukki | GH Ernakulam |

| | | | |
|---|---|---|---|
| | order) | | |
| 4 | Smt Sheeja P S (Noted as Sl.No.56 in Reference 2 order) | DH Thodupuzha Idukki | DH Aluva Ernakulam |
| 5 | Smt Jayasree B (Noted as Sl.No.136 in Reference 2 order) | PHC Koipuram Pathanamthitta | DH Chenganoor Alappuzha |

പരാമർശം 2 പ്രകാരമുള്ള സ്ഥാനക്കയറ്റ പട്ടികയിൽ സീരിയൽ നമ്പർ 47 ആയി ഉൾപ്പെട്ട ശ്രീമതി ക്രിസ്ടി സാമുവേലിന് കോട്ടയം ജില്ലയിലെ പാലാ ജനറൽ ആശുപത്രിയിലേക്കാണ് സ്ഥാനക്കയറ്റം നൽകി ഉത്തരവായിട്ടുള്ളത്. എന്നാൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലെ ഒഴിവു ഉഴവൂർ സ്പെഷ്യലിറ്റി ആശുപത്രിയിലാണെന്നു കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളതിനാൽ ശ്രീമതി ക്രിസ്ടി സാമുവേലിന് പാലാ ജനറൽ ആശുപത്രിക്കു പകരം കോട്ടയം കെ ആർ നാരായണൻ മെമ്മോറിയൽ സ്പെഷ്യലിറ്റി ആശുപത്രി ഉഴവൂരിലേക്കു നിയമനം നൽകി ഉത്തരവാകുന്നു.

സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ രണ്ടു വർഷത്തെ സേവന കാലയളവിനുള്ളിൽ ഒരു വർഷത്തെ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുൻപ് ഇവർക്കെതിരെ അച്ചടക്ക നടപടി നിലവിൽ ഇല്ലായെന്ന് സ്ഥാപനമേധാവികൾ ഉറപ്പു വരുത്തേണ്ടതാണ് . ജോലിയിൽ നിന്നും വിടുതൽ ചെയ്ത തീയതിയും സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ പ്രവേശന നടപടികൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ് .

പരാമർശം 2 ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

Signed by
Nandakumar.k.v
Date: 14-11-2024 18:27:54

അഡീഷണൽ ഡയറക്ടർ (മെഡിക്കൽ &

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ
പകർപ്പ്:

1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം),
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്